# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-7)1362/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-7)1362/2023 തീയ്യതി: 05/10/2023

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2023 മുതൽ 26-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എം.എൽ.അഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
സുനിൽ പി.ബി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ദിവ്യ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജയൻ.വി.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ ശശിധരൻ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എം.ജയലക്ഷ്മി | സെക്രട്ടറി | 01-04-2022 | 14-08-2022 |
| എ.ജലജകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-08-2022 | 29-08-2023 |
| എം.ജയലക്ഷ്മി | സെക്രട്ടറി | 30-08-2022 | 30-09-2022 |
| ജി.രാജേഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 30-10-2022 |
| കെ.വിനോദ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-10-2022 | 27-01-2023 |
| മനോജ് മുകുന്ദൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-01-2023 | 16-02-2023 |
| ജി.ശ്രീകുമാർ | സെക്രട്ടറി | 17-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജലജകുമാരി.എ. | അസി. സെക്രട്ടറി | 01-04-2022 | 30-09-2022 |
| ജി.രാജേഷ് | അസി.സെക്രട്ടറി-ഇൻ ചാർജ്ജ് | 01-10-2022 | 30-10-2022 |
| കെ.വിനോദ് | അസി. സെക്രട്ടറി | 31-10-2022 | 27-01-2023 |
| മനോജ് മുകുന്ദൻ | അസി. സെക്രട്ടറി | 28-01-2023 | 28-02-2023 |
| കെ.വിനോദ് | അസി. സെക്രട്ടറി | 01-03-2023 | 31-03-2023 |
| അശ്വതി ഗോപിനാഥ് | കൃഷി ഓഫീസർ | 01-04-2022 | 08-12-2022 |
| ദിപിൻ.എം.എൻ. | കൃഷി ഓഫീസർ | 09-12-2022 | 31-03-2023 |
| വിനോജ്.ടി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ഇഷ ബ്രൂസ്. എസ്.എ. | മെഡിക്കൽ ഓഫീസർ,,എഫ്.എച്ച്.സി. | 01-04-2022 | 12-08-2022 |
| ഡോ.ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ,,എഫ്.എച്ച്.സി. | 13-08-2022 | 01-09-2022 |
| ഡോ.മഞ്ജു.കെ. | മെഡിക്കൽ ഓഫീസർ,,എഫ്.എച്ച്.സി. | 02-09-2022 | 12-09-2022 |
| ഡോ.ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ,,എഫ്.എച്ച്.സി. | 13-09-2022 | 14-12-2022 |
| ഡോ.ഇഷ ബ്രൂസ്. എസ്.എ. | മെഡിക്കൽ ഓഫീസർ,,എഫ്.എച്ച്.സി. | 15-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ജയമ്മ ജോസഫ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2022 | 02-08-2022 |
| ഡോ.നീന്ദ രാജൻ തോട്ടാൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 03-08-2022 | 04-08-2022 |
| ഡോ.ഷിബ്ല.പി. | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 05-08-2022 | 31-03-2023 |
| ശ്രീജ.പി.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 05-07-2022 |
| സിജി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-07-2022 | 02-08-2022 |
| പ്രീന്ദ പ്രസാദ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-08-2022 | 20-09-2022 |
| വിനിത ഉണ്ണികൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-09-2022 | 31-03-2023 |
| ഗിനിക.പി.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 08-07-2022 |
| അനൂപ്.പി.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-07-2022 | 31-07-2022 |
| അനില.പി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 25-11-2023 |
| ജിഷ. കെ.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-11-2022 | 31-03-2023 |
| ഷിബു കുമാർ.പി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| രമ്യ.കെ | വി.ഇ.ഓ. -കൊണ്ടാഴി സർക്കിൾ | 01-04-2022 | 17-10-2022 |
| വിനയ്.കെ.പ്രേമൻ | വി.ഇ.ഓ. -കൊണ്ടാഴി സർക്കിൾ | 18-10-2022 | 08-03-2023 |
| സനീഷ്. ഇ.എം. | വി.ഇ.ഓ. -കൊണ്ടാഴി സർക്കിൾ | 09-03-2023 | 31-03-2023 |
| അശ്വതി.പി. | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ | 01-04-2022 | 01-04-2022 |
| രമ്യ.കെ | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ- അഡിഷണൽ | 02-04-2022 | 13-04-2022 |
| അശ്വതി.പി. | വി.ഇ.ഓ. -ചേലക്കോട് | 14-04-2022 | 18-07-2022 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| രമ്യ.കെ | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ അഡിഷണൽ | 19-07-2022 | 31-07-2022 |
| അശ്വതി.പി. | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ | 01-08-2022 | 01-09-2022 |
| രമ്യ.കെ | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ അഡിഷണൽ | 02-09-2022 | 17-10-2022 |
| സനീഷ്. ഇ.എം. | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ | 18-10-2022 | 12-01-2023 |
| വിനയ്.കെ.പ്രേമൻ | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ അഡിഷണൽ | 13-01-2023 | 26-01-2023 |
| സനീഷ്. ഇ.എം. | വി.ഇ.ഓ. -ചേലക്കോട് സർക്കിൾ | 27-01-2023 | 31-03-2023 |
| ഡോ. സന്ധ്യ അച്ചുതൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| വസന്തകുമാരി.ഇ. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.സന്തോഷ് കെ.കെ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-3 |
| 5 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ലൈബ്രറി സെസ്- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ- ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻടി ഇല്ല. | 1-1-7 |
| 9 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | Prior Period Items- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | സംശയാസ്പദമായ കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ഇൻകം&എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഫണ്ട് വിനിയോഗം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | ക്ഷേമ പദ്ധതികൾ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 | 1-6 |

| | | |
|---|---|---|
| | പ്രകാരമുള്ളത്) | |
| 20 | ക്യാഷ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 23 | തൊഴിൽ നികുതി - അപാകതകൾ | 1-10 |
| 24 | 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നുണ്ടോ എന്ന കാര്യത്തിൽ വിവരം ലഭ്യമാക്കിയില്ല. | 1-11 |
| 25 | 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 26 | ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 27 | വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതി - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-14 |
| 28 | വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-15 |
| 29 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-16 |
| 30 | രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നില്ല. | 1-17 |
| 31 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക നിരക്ക് അനുവദിച്ചു | 1-18 |
| 32 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-19 |
| 33 | കുടിവെള്ള പദ്ധതികളിൽ മോട്ടോർ ഇലക്ട്രിഫിക്കേഷൻ | 1-20 |
| 34 | തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പരും, ലൊക്കേഷനും രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |
| 35 | ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് യു.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 36 | എസ്.സി.പി. പ്രോജക്ട് -ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-23 |
| 37 | അമൃതം ഫുഡ്", 'കുമാരി പ്ലസ്" എന്നീ ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-24 |
| 38 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകളും മറ്റ് ഉപകരണങ്ങളും മുഴുവൻ ലഭ്യമായിട്ടില്ല. | 1-25 |
| 39 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 1-26 |

| | | |
|---|---|---|
| 40 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല. | 1-27 |
| 41 | ചെലവഴിക്കപ്പെടാത്ത വികസന ഫണ്ട് സഞ്ചിത നിധിയിൽ തിരിച്ചടച്ചിട്ടില്ല. | 1-28 |
| 42 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-29 |
| 43 | തൊഴിലുറപ്പ് പദ്ധതി മെറ്റിരിയൽസ് സപ്ലൈ ( സിമന്റ്) നിരക്ക് മാർക്കറ്റ് വിലയേക്കാൾ അധികം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക നിരക്ക് അനുവദിച്ചു | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനാവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 05.10.2023

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ

ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,05,180/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,28,06,846/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് സംരക്ഷണ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ മൂലധനച്ചെലവായി പരിഗണിച്ച് ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ഡെബിറ്റും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ – മെയിന്റനൻസ് ഗ്രാന്റ് - റോഡ് എന്ന ശീർഷകത്തിൽ ക്രെഡിറ്റും ആയി ബുക്ക് ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രെഡിറ്റ് ശീർഷകം | തുക | ഡെബിറ്റ് ശീർഷകം | തുക |
|---|---|---|---|
| 312100301- Capital Contribution- Maintenance Grant- Road | 62,24,107 | 415110003- Roads-Tarred | 60,74,252 |
| | | 415110004-Roads-Drainage | 1,49,855 |

എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെ റവന്യൂ ചെലവുകൾക്കായി ലഭിക്കുന്ന വരവുകൾ ചെലവ് ചെയ്യുന്ന സമയത്ത് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ റവന്യൂ വരവും ചെലവുമായി ബുക്ക് ചെയ്യേണ്ടതാണ്.

### 1-1-4 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1തൻവർഷം

3.1.1. റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 15,91,567 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 15,83,461<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

3.1.2. നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 11,74,849 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 11,73,829<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

3.2 കുടിശ്ശിക

3.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3415 | 3417 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | Nil<br>*(2021-22 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | 3415<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

3.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 74,956 | 41381 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 68,598<br>(2021-22ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)<br>54508+17520<br>= 72028*(/105*100) | 41,380<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

1-1-5 ലൈബ്രറി സെസ്- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,42,026 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,42,233രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽ രണ്ട് തുകകളുമല്ല, മറിച്ച് 1,43,010 രൂപയാണ്. (വൗച്ചർ 42100112/ 31.03.23).

1-1-6 ആസ്തി രജിസ്റ്റർ- ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-7 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നം./ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buildings | 42100109/31.03.23 | 16,06,295 |
| 110100102-Property Tax On Non Residential Buildings | 42100110/31.03.23 | 12,06,528 |
| 110200101-Profession Tax- Institution | 42100181/31.03.23 | 66,050 |
| 110200105-Profession Tax- Traders | 42100161/31.03.23 | 2,39,430 |
| 130100101-Rent From Buildings | 42100134/31.03.23 | 9,577 |
| 140500101- Water Charge | 42100147/31.03.23 | 3,70,560 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളുടെ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ്

എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-8 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വളർത്തുനായ്ക്കൾ, പന്നികൾ മുതലായവയുടെ ലൈസൻസ് രജിസ്റ്റർ – രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വാട്ടർ ചാർജ്ജ് ഡി.സി.ബി. രജിസ്റ്റർ– മാസാന്ത്യ വർഷാന്ത്യസംക്ഷിപ്തങ്ങൾ ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ – മാസാന്ത്യ വർഷാന്ത്യസംക്ഷിപ്തങ്ങൾ ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

താഴെ പറയുന്ന രജിസ്റ്ററുകൾ മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നില്ല.

1. തൊഴിൽ നികുതി (ജീവനക്കാർ) ഡി.സി.ബി. രജിസ്റ്റർ
2. തൊഴിൽ നികുതി (സ്ഥാപനങ്ങൾ) ഡി.സി.ബി.രജിസ്റ്റർ
3. FACTEOS ലൈസൻസ് രജിസ്റ്റർ
4. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
5. വാടക രജിസ്റ്റർ
6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

## 1-1-9 Prior Period Items- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

വസ്തുനികുതി റിസീവബിൾസ് ലെഡ്ജർ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|
| 431100102- Receivables For Property Tax On Residential Buildings(Arrears) | 3,415/- | 42100106/31.03.23 |
| 431100104- Receivables For Property Tax On Non-Residential Buildings(Arrears) | 6,359 | 42100104/31.03.23 |

### 1-1-10 സംശയാസ്പദമായ കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് സൂക്ഷിച്ചിട്ടില്ല

360100108- Provision For Doubtful Receivables-Water Charges എന്ന ശീർഷത്തിൽ 76,960 രൂപ ബാലൻസ് ഉണ്ട്. എന്നാൽ ടി പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമായിട്ടില്ല.

### 1-1-11 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 2,81,963 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation -3,51,914 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/23ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Development Fund-Central Finance Commission Grant- Basic Tax Grant | 16,72,985 | 450250049 | CSB BANK (043404300306190001) | 43,04,698 |
| 2 | 320200113 | Development Fund-Central Finance Commission Grant- Tied Fund | 26,25,210 | | | |
| Total | | | 42,98,195 | | | |

### 1-1-13 ഇൻകം&എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 15,62,06,811 |
| ആകെ ചെലവ് (B) | | 15,88,17,877 |
| മിച്ചം തുക C= A-B | | -26,11,066 |
| Prior Period Income | 9774 | |
| Prior Period Expenditure | -1,13,41,737 | |

| | | |
|---|---|---|
| Net Difference Between Prior Period<br>Income And Expenses ( D ) | | 1,13,51,511 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു<br>ശേഷമുള്ള മിച്ച തുക (E) =C+D | | 87,40,445 |

എന്നാൽ Net Difference Between Prior Period Income And Expenses കണക്കാക്കിയത് -11,331,963/- എന്നായതിനാൽ -26,11,066 + 1,13,31,963 = 87,20,897 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 87,40,445 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income<br>Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -1,08,80,026 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു<br>ശേഷമുള്ള മിച്ച തുക (E) =C+D | 87,40,445 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure<br>എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -21,39,581 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000 - Prior Period Income എന്ന ശീർഷകത്തിൽ 9774 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

## 1-2 ബജറ്റ്

ബജറ്റ് / റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 20.03.2022 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 26,71,19,118 | 26,43,00,818 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br><br>റിവൈസ്ഡ് ബജറ്റ് | 23.03.2023 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 60,19,47,553 | 61,57,67,576 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക* |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | / നീക്കിയിരിപ്പ്** |
| വികസന ഫണ്ട്-ജനറൽ | | 0 | 1,52,31,000 | 1,52,31,000 | 1,38,73,003 | 13,57,997* |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1,14,89,000 | 1,14,89,000 | 84,21,207 | 30,67,793* |
| മെയിന്റനൻസ്, റോഡ് | | 0 | 89,61,000 | 89,61,000 | 63,88,770 | 25,72,230* |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 47,91,000 | 47,91,000 | 30,94,473 | 16,96,527* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) | ട്രഷറി | 0 | 0 | 0 | 0 | 0 |
| | ബാങ്ക് | 7,51,342 | 28,89,381 | 36,40,723 | 19,67,738 | 16,72,985** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ട്രഷറി | 0 | 15,52,630 | 15,52,630 | 6,13,521 | 9,39,109* |
| | ബാങ്ക് | 31,97,859 | 39,73,000 | 71,70,859 | 45,45,649 | 26,25,210** |
| അനുപൂരക പോഷകാഹാര പരിപാടി | | 32,21,088 | 11,38,438 | 43,59,526 | 12,11,757 | 31,47,769** |
| എസ്.എസ്.എ | | 1,01,744 | 0 | 1,01,744 | 0 | 1,01,744** |
| വിമുക്തി | | 22,940 | 0 | 22,940 | 0 | 22,940** |
| സാക്ഷരത | | 1,543 | 0 | 1,543 | 148 | 1,395** |
| ശുചിത്വ മിഷൻ | | 17,51,555 | 0 | 17,51,555 | 1,42,419 | 16,09,136** |
| ഹെൽത്ത് ഗ്രാന്റ്-രോഗനിർണ്ണയ ഉപകരങ്ങൾ | | 0 | 3,23,767 | 3,23,767 | 3,20,178 | 3,589** |
| ഹെൽത്ത് ഗ്രാന്റ് – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളാക്കൽ | | 0 | 1,47,608 | 1,47,608 | 1,45,897 | 1,711** |
| ഹോമിയോപ്പതി | | 0 | 4,50,000 | 4,50,000 | 4,49,625 | 375** |
| ക്ലീൻ കേരള മിഷൻ | | 9,82,943 | 0 | 9,82,943 | 0 | 9,82,943** |
| എം.എൽ.എ ഫണ്ട് | | 13,214 | 0 | 13,214 | 0 | 13,214** |

| | | | | | |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 12,02,000 | 0 | 12,02,000 | 0 | 12,02,000** |
| ലൈഫ് – സംസ്ഥാന വിഹിതം | 11,62,039 | 5,00,000 | 16,62,039 | 5,40,000 | 11,22,039** |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 175 | 8,54,48,861 | 134 | 4,65,66,170 | 54 | 77 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 21,06,262 | 21,06,262 | 21,06,262 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,11,88,846 | 5,11,88,846 | 5,11,88,846 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 1,21,55,000 | 1,21,55,000 | 1,21,55,000 | 0 |
| ആകെ | 0 | 6,54,50,108 | 6,54,50,108 | 6,54,50,108 | 0 |

## 1-6 ക്ഷേമ പദ്ധതികൾ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-6 പ്രകാരമുള്ളത്)

.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 507 | 58,71,300 |
| വിധവാപെൻഷൻ | 1233 | 1,31,88,400 |
| വാർദ്ധക്യകാലപെൻഷൻ | 1,988 | 2,06,51,400 |
| വികലാംഗപെൻഷൻ | 323 | 35,62,600 |
| അവിവാഹിത പെൻഷൻ | 215 | 22,87,600 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2 | 60,000 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2023 തീയതിയിൽ 3.00 PM ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,157/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം
ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധന പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. 100% നികുതി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.
10.10.2022 തീയതിയിലെ യോഗത്തിൽ റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

19.10.2022 തീയതിയിലെ യോഗത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ പുതിയതും പുതുക്കി നിർമ്മിച്ചതുമായ എല്ലാ വീടുകളുടെയും നികുതി പുനർനിർണ്ണയിച്ച് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും, തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ, കള്ള്ഷാപ്പുകൾ, റേഷൻ കടകൾ എന്നിവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനും ലൈസൻസ് എടുക്കാത്ത എല്ലാ കടക്കാരിൽ നിന്നും നിർബന്ധമായും ലൈസൻസ് എടുപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിൽ ഷോപ്പിംഗ് കോംപ്ലക്സോ കല്യാണമണ്ഡപങ്ങളോ ഇല്ലാത്തതിനാൽ മറ്റ് വകുപ്പിന് കീഴിലുള്ളതും നിർജ്ജീവമായി കിടക്കുന്നതുമായ കെട്ടിടങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

09.12.2022 തീയതിയിലെ യോഗത്തിൽ വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 28.12.2022 തീയതിയിലെ യോഗത്തിൽ 62% വസ്തുനികുതി പിരിവ് നടത്തിയതായി വിലയിരുത്തുകയും ഫെബ്രുവരിയിൽ 100% ആക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

30.12.2022 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനം നം. 20(1) പ്രകാരം വസ്തുനികുതി ഡിമാന്റ് നോട്ടീസ് നൽകുന്നതിന് കുടുംബശ്രീക്ക് 10/- രൂപ നിരക്കിൽ പ്രതിഫലം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

09.02.2023 തീയതിയിലെ യോഗത്തിൽ ലൈസൻസ് ഫീസ് 2017 ലെ ഭേദഗതി ചട്ടം 7 പട്ടിക പ്രകാരം പരമാവധി ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ബജറ്റും യഥാർത്ഥ വരവുമായുള്ള അന്തരം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 32,00,000 | 32,00,000 | 28,12,823 |
| തൊഴിൽനികുതി | 10,75,000 | 7,50,000 | 11,05,640 |

| | | | |
|---|---|---|---|
| വിനോദനികുതി | 5,00,000 | 4,50,000 | 3,55,219 |
| ലൈസൻസ് ഫീസ് | 1,50,000 | 1,75,000 | 1,03,050 |

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചർച്ചയ്ക്ക് വന്നിട്ടില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് % | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 1533048 | 1606295 | 4.78 | 201 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1139097 | 1206528 | 5.92 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 294100 | 305480 | 3.87 | |
| തൊഴിൽ നികുതി - ജീവനക്കാർ | 805560 | 800160 | -0.67 | |
| വാട്ടർ ചാർജ്ജ് | 370020 | 370560 | 0.15 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

15.05.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 1(1) പ്രകാരം തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പിന്റെ സ.ഉ.(കൈ) നം. 77/2023/LSGD, Dt.22.03.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

സേവന ഉപനികുതി

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ സേവന ഉപനികുതി ചുമത്തുന്നതിന് ഭരണസമിതി തീരുമാനം എടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ

ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, പ്രദർശന വിപണന മേളകൾ, സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഒരു സിനിമാ തീയ്യറ്റർ മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. വിനോദനികുതി ഇനത്തിൽ ഈ സിനിമാ തീയ്യറ്ററിൽ നിന്നുള്ള വരുമാനം മാത്രമാണുള്ളത്. ഭാരതപ്പുഴ അതിർത്തി പങ്കിടുന്ന പഞ്ചായത്തായതിനാൽ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ
വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ലൈസൻസ്

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല എന്നതിനാൽ പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല. (റിപ്പോർട്ട് ഖണ്ഡിക 1-16).

വാടക
പഞ്ചായത്തിന് സ്വന്തമായ ഷോപ്പിംഗ് കോംപ്ലക്സോ മറ്റ് സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ വാടകയിൽ നിന്നും കാര്യമായ വരുമാനമില്ല. നിലവിൽ മാവേലി സ്റ്റോറിന് നൽകിയിട്ടുള്ള ഒരു മുറിയുടെ വാടക മാത്രമാണ് ഈയിനത്തിൽ വരവുള്ളത്.

ലേലം
24 പൊതുകുളങ്ങളിൽ 2021-22 വർഷം മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന്റെ വിളവെടുപ്പ് നടത്തുന്നതിന് 09.06.2022 തീയതിയിലെ ഭരണസമിതി യോഗം തീരുമാനിച്ചിരുന്നു. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15 കാണുക).

ആംബുലൻസ്
നിലവിൽ പഞ്ചായത്തിലുള്ള ആംബുലൻസിന്റെ ബൈലോ തയ്യാറാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 8/02.08.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ അടിയന്തിരമായി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ശ്മശാനം, വണ്ടിത്താവളം
ശ്മശാനം സംബന്ധിച്ച വിവരം ഖണ്ഡിക 1-12, വണ്ടിത്താവളം സംബന്ധിച്ച വിവരം 1-11 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതി
പഞ്ചായത്തിന് കീഴിലുള്ള വാഴാട്-തേക്കിൻകാട് കുടിവെള്ള പദ്ധതിയിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-14 ൽ ആയത് പരാമർശിച്ചിട്ടുണ്ട്.

## 1-10 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (ii) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ക്ഷീരോത്പാദക സഹകരണസംഘം, മായന്നൂർ – I & II Half

2) നിള ആയുർവേദ ,സെന്റർ, മായന്നൂർ – II Half

II) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) സെന്റ് ക്രാഫ്റ്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കൊണ്ടാഴി – I & II Half

2) കളരിക്കൽ ആയുർവേദ ആശുപത്രി – I & II Half

III) കരാറുകാർ, അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

IV) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.
കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/02.08.2023)

## 1-11 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നുണ്ടോ എന്ന കാര്യത്തിൽ വിവരം ലഭ്യമാക്കിയില്ല.

30.05.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 16(1) പ്രകാരം ട്രാഫിക്ക് റെഗുലേറ്ററി കമ്മിറ്റി യോഗത്തിന്റെ അടിസ്ഥാനത്തിൽ ഓട്ടോകൾക്ക് സ്റ്റാന്റ് നമ്പറും സ്റ്റാന്റ് പെർമിറ്റ് നമ്പർ, സ്റ്റിക്കർ പതിക്കുന്നതും സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിന്, ചട്ടങ്ങൾക്ക് വിധേയമായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്താനും ഫീസ് ചുമത്താനും അധികാരം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്.
ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/03.08.2023) മറുപടി ലഭ്യമാക്കിയില്ല.

1) ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള വണ്ടിത്താവളങ്ങളുടെ എണ്ണം

2) ഓരോ വണ്ടിത്താവളങ്ങളിലും പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം

3) വണ്ടിത്താവളങ്ങളിൽ, 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരം ഫീസുകൾ പിരിക്കുന്നുണ്ടോയെന്നതും, ആയത് കുത്തക അവകാശമായി ആർക്കെങ്കിലും നൽകിയിട്ടുണ്ടോയെന്നുമുള്ള വിവരം.

4) ചട്ടപ്രകാരം ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല.

I) 23.03.2023 തീയതിയിലെ തീരുമാനം നം. 15(1) പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കൊണ്ടാഴി-തളി ശ്മശാനം ബൈലോ തയ്യാറാക്കുന്നതിനും ടെണ്ടർ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കുത്തകാവകാശം ടെണ്ടർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

II) 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ നിലവിൽ വന്നത് പ്രകാരം താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/01.08.2023) മറുപടി ലഭ്യമാക്കിയില്ല.

1) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഇപ്രകാരമുള്ള സ്ഥലങ്ങളുടെ എണ്ണം.

2) പ്രസ്തുത സ്ഥലങ്ങളിൽ നിന്നും ചട്ടം 3(1) പ്രകാരം വാടക, ഫീസ് എന്നിവ ഈടാക്കുന്നതിന്റെയും, ചട്ടം 3(3) പ്രകാരം ഫീസ് പിരിക്കുന്നതിന് കുത്തകാവകാശമായി നൽകിയിട്ടുണ്ടോയെന്നുമുള്ള വിവരം.

3) ചട്ടം 6(3) പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭ്യമാകുകയും ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിന്റെ വിവരം.

4) ചട്ടം 7(1) പ്രകാരം ശ്മശാനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

5) ചട്ടം 12 പ്രകാരം തയ്യാറാക്കേണ്ടിയിരുന്ന ബൈലോയുടെ വിവരം.

ചട്ടപ്രകാരം ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയതിന്റെയും ഫീസ് ഈടാക്കുന്നതിന്റെയും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-13 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 9 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | (1) മാങ്കുളം | 601 | 0 | 601 | 0 | 601 | 0 | 601 | 0 |
| 2 | (2) ഗാന്ധി ആശ്രമം | 565 | 0 | 565 | 0 | 565 | 0 | 565 | 0 |
| 3 | (3)മൂത്തേടത്ത്പടി | 572 | 0 | 572 | 0 | 572 | 0 | 572 | 0 |
| 4 | (4) മായന്നൂർകാവ് | 549 | 0 | 549 | 0 | 549 | 0 | 549 | 0 |
| 5 | (5) പാറമേൽപടി | 584 | 0 | 584 | 2 | 582 | 0 | 582 | 2 |
| 6 | (6) പാറമേൽപടി സൗത്ത് | 459 | 0 | 459 | 1 | 458 | 0 | 458 | 1 |
| 7 | (7) കുഴിയംപാടം | 603 | 0 | 603 | 1 | 602 | 0 | 602 | 1 |
| 8 | (8) തെക്കേ കൊണ്ടാഴി | 519 | 0 | 519 | 0 | 519 | 0 | 519 | 0 |
| 9 | (9) ചേലക്കോട് | 619 | 0 | 619 | 0 | 619 | 0 | 619 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | (10) കുളികുന്ന് | 516 | 1 | 515 | 0 | 515 | 0 | 515 | 1 |
| 11 | (11)വടക്കുംകോണം | 420 | 0 | 420 | 0 | 420 | 0 | 420 | 0 |
| 12 | (12) പ്ലാന്റേഷൻ | 457 | 0 | 457 | 1 | 456 | 0 | 456 | 1 |
| 13 | (13) മേലേമുറി | 484 | 1 | 483 | 2 | 481 | 0 | 481 | 3 |
| 14 | (14) ചിറങ്ങര | 555 | 0 | 555 | 0 | 555 | 0 | 555 | 0 |
| 15 | (15) ഉള്ളാട്ടുകുളം | 628 | 0 | 628 | 0 | 628 | 0 | 628 | 0 |
| | Total | 8131 | 2 | 8129 | 7 | 8122 | 0 | 8122 | 9 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.2/01.08.2023)

## 1-14 വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതി - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയിലെ 2022-23 വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, വരവ്, കുടിശ്ശിക വിവരങ്ങൾ താഴെ കാണിക്കുന്നു.

| | | |
|---|---|---|
| ഡിമാന്റ് | ₹3,70,560/- | |
| തൻവർഷ വരവ് | ₹79,080/- | |
| 2021-22 വർഷത്തിൽ ലഭിക്കാനുള്ള ആകെ കുടിശ്ശിക | ₹11,98,960/- | |
| കുടിശ്ശികയിനത്തിലെ വരവ് | ₹36,615/- | |
| 2022-23 ആകെ വരവ് | ₹1,15,695/- | |
| ബാലൻസ്ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | തൻവർഷം | കുടിശിക |
| | ₹2,91,480/- | ₹11,62,345/- |

31.03.2023 തീയതിയിൽ വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയിനത്തിൽ ആകെ ₹14,53,825/- പിരിച്ചെടുക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

1. നിലവിലുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണം.
2. മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക കണക്കാക്കിയാണോ ഡിമാന്റ് നിശ്ചയിക്കുന്നത് അല്ലെങ്കിൽ ഡിമാന്റ് നിശ്ചയിക്കുന്ന രീതി.
3. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ.

കൂടാതെ വാട്ടർ ചാർജ്ജ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളടങ്ങിയ പ്രതിമാസ/വാർഷിക പത്രിക രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്. കുടിവെള്ള പദ്ധതിക്കായി ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയത് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുകയും കുടിശ്ശിക സമയാമയങ്ങളിൽ പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ജനങ്ങൾക്ക് ഉപകാരപ്പെടേണ്ട കുടിവെള്ളം പോലുള്ള അവശ്യ സേവനങ്ങൾ പഞ്ചായത്തിന് ബാധ്യതയായി മാറുകയും തനത് വരുമാനത്തെ ദോഷകരമായി ബാധിക്കുന്നതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 1/31.07.2023)

## 1-15 വിവരങ്ങൾ ലഭ്യമാക്കിയില്ല

I) 09.06.2022 തീയതിയിലെ ഭരണസമിതി യോഗതീരുമാനം 5(1) പ്രകാരം 24 പൊതുകുളങ്ങളിൽ 2021-22 വർഷം മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന്റെ വിളവെടുപ്പ് അടിയന്തിരമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ഫീഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ കത്ത് ചർച്ച ചെയ്യുകയും വാർഡ് 7 ലെ നീലംകുളത്തിൽ

നിക്ഷേപിച്ചിട്ടുള്ള മത്സ്യം വിളവെടുക്കുന്നതിനും സ്പോട്ട് ലേലം നടത്തുന്നതിനും തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ പൊതുകളങ്ങളിലെ മത്സ്യ ലേലം നടന്നിട്ടുണ്ടോയെന്നതിന്റെയും, ഉണ്ടെങ്കിൽ ലേലം നടന്നതിന്റെ വരവ് 2022-23 വർഷത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല.

II) 27.04.2022 തീയതിയിലെ ഭരണസമിതി യോഗതീരുമാനം നം. 16(1) പ്രകാരം പാറമേൽപ്പടി പൂജാ മഹോത്സവം 2022 ന്റെ ഭാഗമായി മെഗാ ഷോ നടത്തുന്നതിന് പഞ്ചായത്ത് ഗ്രൗണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും 31.10.2022 തീയതിയിലെ തീരുമാനം നം. 28(1) പ്രകാരം വിജയദശമി ദിനത്തിൽ ഒരു സംഘടന നടത്തിയ പൊതുപരിപാടിക്കും ഒക്ടോബർ 22, 23 തീയതികളിൽ ഫുട്ബോൾ മത്സരങ്ങൾക്കും പഞ്ചായത്ത് ഗ്രൗണ്ട് അനുവദിച്ചത് സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പഞ്ചായത്ത് ഗ്രൗണ്ട് ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കുന്നുണ്ടോയെന്നതിന്റെയും ഇല്ലെങ്കിൽ ഫീസ് ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 8/02.08.2023)

## 1-16 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

I) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ. (പി) നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

II) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാവിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുകയോ ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

III) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപ്രകാരം തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

IV) സഞ്ചയ പ്രകാരം 1527 നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ ഉണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

V) പല അപേക്ഷകളിലും മൂലധനം സംബന്ധിച്ച വിവരം, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തുന്നില്ല.

VI) കെ.എം.ഫ്യൂവൽസ് എന്ന പെട്രോൾ പമ്പിന്റെ അപേക്ഷയോടൊപ്പം സ്റ്റോറേജ് ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല.

VII) രജിസ്റ്റർ പരിശോധിച്ചതിൽ ചേലക്കോട് എച്ച്.പി ഗ്യാസ് ഗോഡൗൺ, ഡ്രീമാക്സ് സിനിമ മായന്നൂർ എന്ന സിനിമാ തീയറ്റർ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസ് സംബന്ധിച്ച മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 9/02.08.2023)

## 1-17 രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നില്ല.

06.04.2022ലെ G.O(P) 75/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ILGMS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇ-ഫയൽ സംവിധാനം ഉപയോഗിക്കുമ്പോൾ റിപ്പോർട്ട് ഫോറങ്ങൾ ഹാർഡ് കോപ്പിയായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതില്ല എന്ന വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ വരവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ ഓഡിറ്റിന് അനുവദിച്ച ILGMS ലോഗിനിൽ പ്രസ്തുത ഫയലുകളൊന്നും തന്നെ പരിശോധിക്കുവാൻ സാധ്യമല്ല.

വസ്തുനികുതിയുമായി ബന്ധപ്പെട്ട വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിംഗ്സ്, എക്സ്-സർവ്വീസ്മെൻ എക്സംപ്ഷൻ, വസ്തുനികുതി ഒഴിവ് നൽകിയ മറ്റ് കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, അവയുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഫയലുകൾ ഓൺലൈനിലായതിനാൽ ഇവയുടെ അപേക്ഷകളും രജിസ്റ്ററും പ്രത്യേകം സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചത്.

അത് പോലെതന്നെ പുതിയതായി നിർമ്മിക്കുന്ന ഒരു കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുന്നതു മുതൽ ഒക്യുപ്പൻസി അനുവദിച്ച് നമ്പറിംഗ് നൽകുന്നതുവരെ 3 ഫയലുകളായാണ് (മൈനർ ഫംഗ്ഷൻ) കൈകാര്യം ചെയ്യുന്നത്. ഈ ഫയലുകളൊന്നും തന്നെ ILGMS ഓഡിറ്റർ ലോഗിനിൽ പരിശോധനക്കായി ലഭ്യമല്ല. പെർമിറ്റ് മുതൽ ഒക്യുപ്പൻസി നൽകുന്നതു വരെയുള്ള വിവരങ്ങൾ സങ്കേതം സോഫ്റ്റ്‌വെയറിലും നമ്പറിംഗ് നൽകുന്നതു സംബന്ധിച്ച വിവരങ്ങൾ സഞ്ചയ പ്ലാറ്റ്ഫോമിലുമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ILGMS ഓഡിറ്റ് ലോഗിനിൽ പ്രസ്തുത ഫയലുകൾ ലഭ്യമല്ലാത്തതിനാൽ ആയതിന്റെ പരിശോധനയും സാധ്യമായിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം. 12/03.08.2023)

## 1-18 എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക നിരക്ക് അനുവദിച്ചു

02.09.2015ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ സർക്കുലറിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധികതുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ | സാങ്കേതികാനുമതി | പ്രവൃത്തിയുടെ | എസ്റ്റിമേറ്റ് | വൗച്ചർ |
|---|---|---|---|---|---|

| നം. | വിശദാംശം | നമ്പർ | എസ്റ്റിമേറ്റ് തുക (GST നഷ്ടപരിഹാരം പരിഗണിക്കാതെയുള്ളത്) | തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് | | | നം./ തീയതി |
|---|---|---|---|---|---|---|---|
| | | | | നല്കേണ്ട തുക | നല്കിയ തുക | അധികം നല്കിയ തുക | |
| 1 | 72/23 FHC ഇലക്ട്രിഫിക്കേഷൻ – 3 ഫേയ്സ് ആക്കൽ | 332/EE /LSGD/Electrical Committee/2021-22 Dt.16.03.22 | 187,824 | 7513 | 8415 | 902 | 42201237/ 19.09.22 |
| 2 | 65/23 പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റിലേയ്ക്ക് വൈദ്യുതി കണക്ഷൻ | 333/EE /LSGD/Electrical Committee/2021-22 Dt.16.03.22 | 127,038 | 5082 | 5,691 | 609 | 22200656/ 25.11.22 |
| ആകെ | | | | | | 1,511 | |

പ്രവൃത്തിയുടെ മേൽ നോട്ടം നിർവ്വഹിച്ച എഞ്ചിനീയറായ ശ്രീ. എൻ.ടി. ബേബിയ്ക്ക് അധികം നല്കിയ തുകയായ ₹1,511/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത സംബന്ധിച്ച് 03.08.2023ന് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 13ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.

## 1-19 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർ | | | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|
| | | | നമ്പർ | തിയതി | തുക (₹) | |
| 1 | 127/23 | സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടി | 42201106 | 22.03.23 | 95,693 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 2 | 13/23 | തേക്കിൻക്കാട് വാഴാട് കുടിവെള്ള പദ്ധതി നവീകരണം | 22201011 | 28.02.23 | 1,78,000 | എക്സി.എഞ്ചിനീയർ കേരള ജല അതോറിറ്റി, പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ |
| 3 | 100/23 | ഐ.കെ.എം. വിഹിതം നല്കൽ | 42201238 | 19.09.22 | 77,268 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |

| | | | | | | |
|---|---|---|---|---|---|---|
| 4 | 183/23 | ഗ്രാമപഞ്ചായത്ത് അസറ്റ് മാപ്പിംഗ് | 42201153 | 09.02.23 | 87,000 | സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റ്, പുതുക്കാട്, തൃശ്ശൂർ |

13/23 തേക്കിൻക്കാട് വാഴാട് കുടിവെള്ള പദ്ധതി നവീകരണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിന് കേരള ജല അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.14/03.08.2023)

## 1-20 കുടിവെള്ള പദ്ധതികളിൽ മോട്ടോർ ഇലക്ട്രിഫിക്കേഷൻ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചുകൊണ്ട് താഴെ പറയുന്ന മൂന്ന് കുടിവെള്ള പദ്ധതികളിൽ മോട്ടോർ ഇലക്ട്രിഫിക്കേഷൻ നടത്തുന്ന പ്രവൃത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ സ്പിൽഓവർ പ്രോജക്ടുകളായി പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, പ്രവൃത്തിയുടെ മേൽനോട്ടവും, മൂല്യനിർണ്ണയം നടത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്ന നടപടികളും നടത്തിയിരിക്കുന്നത് ജില്ലാ പഞ്ചായത്തിൽ രൂപീകരിച്ച ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നുമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരു വിവരം | 78/23 മൂത്തേടത്ത്പടി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ ഇലക്ട്രിഫിക്കേഷൻ (വാർഡ് -3) സ്പിൽ ഓവർ | 76/23 ഡി സി കോളനി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ ഇലക്ട്രിഫിക്കേഷൻ (വാർഡ് -4) സ്പിൽ ഓവർ | 135/23 ഭ്രദാൻ കോളനി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ (വാർഡ് -2) സ്പിൽ ഓവർ |
|---|---|---|---|
| സാങ്കേതികാനുമതി നമ്പർ | 337/EE /LSGD/Electrical Committee/2021-22 തിയതി:16.03.22 | 336/EE /LSGD/Electrical Committee/2021-22 തിയതി:16.03.22 | 346/EE /LSGD/Electrical Committee/2021-22 തിയതി:23.03.22 |
| സാങ്കേതികാനുമതി തുക (₹) | 2 ലക്ഷം | 1,64,000 | 1,30,000 |
| ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം | 27.01.23 തിയതിയിലെ 33(1) നമ്പർ തീരുമാനം | 27.01.23 തിയതിയിലെ 33(1) നമ്പർ തീരുമാനം | 27.01.23 തിയതിയിലെ 33(1) നമ്പർ തീരുമാനം |
| കരാറുകാരന്റെ പേരു വിവരം | സുരേഷ്, കോട്ടയിൽ വീട്, മേലൂർ, ചാലക്കുടി, തൃശ്ശൂർ | വെങ്കിട്ടരാമൻ, അമ്പാടി,പുതുക്കുളി ഇല്ലം, പെരിങ്കുളം, ആലത്തൂർ | വെങ്കിട്ടരാമൻ, അമ്പാടി,പുതുക്കുളി ഇല്ലം, പെരിങ്കുളം, ആലത്തൂർ |
| കരാർ നമ്പ്ര്/ തിയതി | 6/2022-23 തിയതി:20.02.23 | 7/2022-23 തിയതി:21.02.23 | 8/2022-23 തിയതി:21.02.23 |
| രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേ ക്കാൾ 10% കൂടുതൽ | എസ്റ്റിമേറ്റ് നിരക്കിനേ ക്കാൾ 10% കൂടുതൽ | എസ്റ്റിമേറ്റ് നിരക്കിനേ ക്കാൾ 10% കൂടുതൽ |
| അളവു പുസ്തകം | 165/2022-23 | 166/2022-23 | 167/2022-23 |

| | | | | |
|---|---|---|---|---|
| നമ്പർ | | | | |
| പ്രവൃത്തി പൂർത്തീകരിച്ച തിയതി | | 08.03.2023 | 20.03.2023 | 20.03.2023 |
| ആകെ പ്രവൃത്തിയുടെ മൂല്യം, 12% GSTയും,10% ടെണ്ടർ അധികവും അടക്കം (₹) | | 1,92,155 | 1,54,804.35 | 1,28,516.02 |
| അനുവദിച്ച തുക (₹) | കരാറുകാരന് | 171566 | 138217 | 114747 |
| | ജി എസ് റ്റി | 0 | 0 | 0 |
| | ആദായ നികുതി | 1560 | 1257 | 1043 |
| | KBOCWW | 1560 | 1257 | 1043 |
| | ആകെ | 176246 | 140731 | 116833 |
| വൌച്ചർ നമ്പർ/തിയതി | | 42201111/21.03.23 | 2201163/29.03.2023 | 22201164/29.03.23 |

മേൽ പറഞ്ഞ പ്രോജക്ടുകളിലെല്ലാം, എസ്റ്റിമേറ്റിന്റെ 1-ാം നമ്പർ ഇനമായി Supply Of 415 V Three Phase, 3hp 2.2KW Submersible Pump Suitable For 100mm Borewell 38mm (1½") Pipe Size Having A Delivery/discharge Range Of 90 To 40 LPM At Head Range Of 75 To 145mtr As Required (Kirloskar KS4C 3022 OR Equivalent Akash, Decan Make) എന്നത് രേഖപ്പെടുത്തിയിട്ടുള്ളതും ആയതിന് മാർക്കറ്റ് റേറ്റായി മൊത്തം തുകയായി (Lump Sum) ₹28,030/- രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം മേൽ പ്രോജക്ടുകളിലെല്ലാം തന്നെ ഈ ഇനത്തിന് താഴെ പട്ടികപ്പെടുത്തിയവിധം ആകെ ₹34,196.60/- കരാറുകാരന് അനുവദിച്ച നല്കിയിട്ടുള്ളതാണ്.

| | |
|---|---|
| മോട്ടോറിന്റെ വില | 28,030.00 |
| കൂട്ടുക 10% ടെണ്ടർ എക്സസ് | 2,803.00 |
| കൂട്ടുക 12% ജിഎസ്റ്റി | 3,363.60 |
| ആകെ | 34,196.60 |

പ്രോജക്ടുകളിൽ മോട്ടോർ വാങ്ങിയതിന്റെ യഥാർത്ഥ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. യഥാർത്ഥ ടാക്സ് ഇൻവോയ്സിന്റെ അഭാവത്തിൽ, യഥാർത്ഥത്തിൽ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചു എന്നത് പരിശോധിച്ച ബോദ്ധ്യപ്പെടുന്നതിന് സാധ്യമായിട്ടില്ലാത്താണ്. എസ്റ്റിമേറ്റിൽ മാർക്കറ്റ് റേറ്റ് (Lump Sum Amount) രേഖപ്പെടുത്തിയ സംഗതിയിൽ മോട്ടോർ വാങ്ങിയത് മൂല്യനിർണ്ണയം നടത്തിയപ്പോൾ 'ടെണ്ടർ എക്സസ്' ഉൾപ്പെടെയുള്ള തുകയും, ജിഎസ്റ്റി തുകയും രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. യഥാർത്ഥ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

18.07.2022ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.82/2022/ടാക്സസ് പ്രകാരം 18.07.2022ന് ശേഷം പണി പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് 18% ജി.എസ്.റ്റി നിരക്ക് ബാധകമാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലും, കുടിവെള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% അധിക നിരക്ക്

അനുവദിക്കാവുന്നതാണെന്ന 04.01.2023ലെ കത്തിന്റെ അടിസ്ഥാനത്തിലും മേൽ പറഞ്ഞ പ്രോജക്ടുകളിൽ കരാറുകാരന് അനുവദിക്കാനുള്ള ബാക്കി തുക 2023-24 വർഷത്തിൽ പ്രോജക്ട് വെച്ച് അനുവദിക്കുന്നതാണെന്ന് മേൽ പ്രോജക്ടുകളുടെ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതു പ്രകാരം തുക അനുവദിക്കുമ്പോൾ മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 19.04.2022ലെ സർക്കാർ ഉത്തരവ് (കൈ) നം.84/2022/തസ്വഭവ അദ്ധ്യായം-8, ഖണ്ഡിക: 8.1 (25) പ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/03.08.2022)

## 1-21 തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പരും, ലൊക്കേഷനും രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ട് – പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നുള്ള 134/23 തെരുവ് വിളക്ക് പരിപാലനം എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം (അടങ്കൽ : ₹1,59,272 & ചെലവ്: ₹1,23,417) തെരുവ് വിളക്കുകളുടെ വാർഷിക പരിപാലനത്തിനായി ശ്രീ.പി.മുജീബ്, DELTA ELECTRICALS,5/265, തൊട്ടാര, കോട്ടപ്പുറം-പി.ഓ, പാലക്കാട്-679513 എന്നവരുമായി 14.09.2021 തിയതിയിൽ 03/2021-22 നമ്പരായി തെരുവ് വിളക്കുകൾ, കരാർ തിയതി മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് പ്രവർത്തനക്ഷമമാക്കി സൂക്ഷിക്കുന്നതിന് (AMCയ്ക്ക്) കരാർ വെച്ചിട്ടുള്ളതും താഴെ പറയും പ്രകാരം തുക നല്കിയിട്ടുള്ളതുമാണ്.

| ക്രമ നം | വൗച്ചർ നം. | തിയതി | തുക |
|---|---|---|---|
| 1 | 42201230 | 29.09.22 | 39,817 |
| 2 | 42201069 | 31.03.23 | 83600 |

അറ്റകുറ്റപ്പണി നടത്തേണ്ട തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പരും, ലൊക്കേഷനും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഒന്നാം കക്ഷിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷിയായ കരാറുകാരന് നൽകേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം കക്ഷി കരാർ പ്രകാരമുള്ള ജോലികൾ നിർവ്വഹിക്കേണ്ടതുണ്ടെന്ന് മേൽ പറഞ്ഞ കരാറിൽ 5-ാമതായി വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. കരാറിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിൽ പരിപാലനത്തിനായുള്ള തെരുവ് വിളക്കുകൾ എണ്ണം അവയുടെ വാർഷിക അറ്റകുറ്റ പണിയ്ക്കായി കരാറുകാരൻ ക്വാട്ട് ചെയ്ത തുകയും താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ലൈറ്റ് ഇനം | എണ്ണം | ക്വാട്ട് ചെയ്ത നിരക്ക് | കരാർ തുക |
|---|---|---|---|---|
| 1 | LED 4x20w | 4 | 4800 | 19200 |
| 2 | LED BULB 12W | 485 | 380 | 184300 |
| 3 | LED SET 20W | 62 | 580 | 35960 |
| 4 | TUBE LIGHT 2X20W | 1 | 680 | 680 |
| 5 | MINI MAST 70W | 8 | 9800 | 78400 |

| | | | | |
|---|---|---|---|---|
| | | | ആകെ | 318540 |

മേൽ പട്ടികപ്പെടുത്തിയ തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പരും, ലൊക്കേഷനും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ മേൽ വിവരങ്ങളുടെ ആധികാരികത പരിശോധിച്ചുറപ്പു വരുത്തുന്നതിന് ഓഡിറ്റിനായില്ല. ഇതു സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് 03.08.23ന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. ഇതിൽ നിന്നും തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ചോ, ഇനം സംബന്ധിച്ചോ യാതൊരു രേഖകളും ഇല്ലാതെയാണ് തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണികളുടെ കരാർ നല്കിയിരിക്കുന്നത് എന്ന് വ്യക്തമാണ്. മേൽ രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവുചെയ്ത ₹1,23,417/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.16/03.08.23)

## 1-22 ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് യു.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് യു.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥയായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർ | | | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|
| | | | നമ്പർ | തിയതി | തുക (₹) | |
| 1 | 99/23 | SSA വിഹിതം അടവാക്കൽ -ജനറൽ | 42201245 | 26.08.22 | 3,00,000 | എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ, തൃശ്ശൂർ |
| 2 | 101/23 | SSA വിഹിതം- എസ്.സി.പി. | 42201244 | 26.08.22 | 3,00,000 | എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ, തൃശ്ശൂർ |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം എസ്.എസ്.കെ-യിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.17/03.08.2023)

## 1-23 എസ്.സി.പി. പ്രോജക്ട് -ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല

വികസന ഫണ്ട്- എസ്.സി.പി വിനിയോഗിച്ച് കൊണ്ടുള്ള കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.129/23 കൈ എത്തും ഉയരത്തിൽ നാളികേരം എന്ന പ്രോജക്ടിൽ തെങ്ങിൻ തൈ ഒന്നിന് ₹250 പ്രകാരം ₹50,000 ചെലവഴിച്ച് (വൗച്ചർ നമ്പർ: 42201107/21.03.22) 200 തെങ്ങിൻ തൈകളും, ഒരു കിലോഗ്രാമിന് ₹25 നിരക്കിൽ ₹17,875 ചെലവഴിച്ച് (വൗച്ചർ നമ്പർ: 42201107/21.03.22) 715 കിലോ ജൈവവളവും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്.

പ്രോജക്ടിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, സണ്ണി.വി.പി., വേലൂപ്പടി (ഹൗസ്) മായന്നൂർ എന്ന ഗുണഭോക്താവിന് (വിതരണ രജിസ്റ്റർ ക്രമ നം.18) 4 തെങ്ങിൻ തൈകളും 25 കി.ഗ്രാം ജൈവവളവും, കാളി, ഡി.സി. കോളനി, മായന്നൂർ (വിതരണ രജിസ്റ്റർ ക്രമ നം.26) എന്ന ഗുണഭോക്താവിന് 3 തെങ്ങിൻ തൈകളും & 21 Kg. ജൈവ വളവും വിതരണം ചെയ്തിട്ടുള്ളതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ

സ്ഥാപനങ്ങളുടേയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022ലെ സർക്കാർ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ സർക്കാർ ഉത്തരവ് ഖണ്ഡിക 2.17 നിർദ്ദേശിക്കുംവിധം, ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ മൂന്ന് വർഷക്കാലയളവിനുള്ളിൽ റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം എന്നിവയിൽ ഏതെങ്കിലുമൊന്ന് അപേക്ഷയൊടൊപ്പം ഹാജരാക്കേണ്ടതുണ്ട്. എന്നാൽ പരിശോധനയ്ക്കായി സമർപ്പിച്ച അപേക്ഷാ ഫയലിൽ മേൽ പറഞ്ഞ വിധത്തിലുള്ള സാക്ഷ്യപത്രങ്ങളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. ജാതി തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്കായി വികസനഫണ്ട്-എസ്.സി.പി.യിൽ നിന്നും ചെലവഴിച്ച ₹2875/- [(4X250=1000+24X25=600 ആകെ=₹1,600)+(3X250=750+21X25=525 ആകെ=₹1,275)=₹2875/-] തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.21/03.08.2023)

## 1-24 അമൃതം ഫുഡ്', 'കുമാരി പ്ലസ്' എന്നീ ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 21/23 അങ്കണവാടി പോഷകാഹാരം (ജനറൽ) 22/23 അങ്കണവാടി പോഷകാഹാരം (എസ്.സി.പി) എന്നീ പ്രോജക്ടുകളിൽ Natural Amrutham Food Supplement Erumapetty Grama Panchayath, Kottappuram-680584 എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം 'അമൃതം ഫുഡ്', 'കുമാരി പ്ലസ്' എന്നീ ഉത്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തിയതി | GST ഉൾപ്പെടെയുള്ള ബിൽ തുക | CGST@ 2.5% | SGST @ 2.5% | വൗച്ചർ നം. | തിയതി |
|---|---|---|---|---|---|---|---|---|
| 1 | അമൃതം | 5 | 26.04.22 | 76146 | 1813 | 1813 | 42201224 | 07.10.22 |
| 2 | കുമാരി പ്ലസ് | 6 | 26.04.22 | 27510 | 655 | 655 | | |
| 3 | അമൃതം | 9 | 24.05.22 | 68243 | 1624 | 1624 | | |
| 4 | കുമാരി പ്ലസ് | 10 | 24.05.22 | 27510 | 655 | 655 | | |
| 5 | അമൃതം | 14 | 19.06.22 | 68243 | 1624 | 1624 | | |
| 6 | കുമാരി പ്ലസ് | 10 | 19.06.22 | 27510 | 655 | 655 | | |
| 7 | അമൃതം | 18 | 26.10.22 | 68465 | 1630 | 1630 | 42201173 | 27.12.22 |
| 8 | കുമാരി പ്ലസ് | 19 | 26.10.22 | 27510 | 655 | 655 | | |
| 9 | അമൃതം | 22 | 20.11.22 | 68465 | 1618 | 1618 | | |
| 10 | കുമാരി പ്ലസ് | 23 | 20.11.22 | 27510 | 655 | 655 | | |
| 11 | അമൃതം | 34 | 19.08.22 | 68465 | 1630 | 1630 | 42200599 | 25.11.22 |
| 12 | കുമാരി പ്ലസ് | 35 | 19.08.22 | 27510 | 655 | 655 | | |
| 13 | കുമാരി പ്ലസ് | 31 | 18.07.22 | 27510 | 655 | 655 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | അമൃതം | 30 | 18.07.22 | 68391 | 1628 | 1628 | | |
| 15 | അമൃതം | 26 | 30.01.23 | 67986 | 1618 | 1618 | 42200972 | 15.03.23 |
| 16 | കുമാരി പ്ലസ് | 27 | 28.01.23 | 27510 | 655 | 655 | | |
| 17 | അമൃതം | 33 | 22.02.23 | 64496 | 1535 | 1535 | | |
| 18 | അമൃതം | 36 | 21.03.23 | 64496 | 1535 | 1535 | 42201012 | 27.03.23 |
| 19 | അമൃതം | 24 | 20.12.22 | 67986 | 1618 | 1618 | 42200973 | 15.03.23 |
| 20 | കുമാരി പ്ലസ് | 25 | 20.12.22 | 27510 | 655 | 655 | | |
| | | | | 9,98,972 | 23,768 | 23,768 | | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം Natural Amrutham Food Supplement Erumapetty Grama Panchayath, Kottappuram-680584 എന്ന സ്ഥാപനത്തിൽ നിന്നും 'അമൃതം ഫുഡ്', 'കുമാരി പ്ലസ്' എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST, SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഭാവിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.18/03.08.2023)

## 1-25 മുൻകൂർ തുക നൽകിയിട്ടും മരുന്നുകളും മറ്റ് ഉപകരണങ്ങളും മുഴുവൻ ലഭ്യമായിട്ടില്ല.

1. 2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി. നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമേ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർസ് ഏർപ്പെടുത്തൽ (179/23) | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (178/23) | കൊണ്ടാഴി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ (12/23) | സാന്ത്വന പരിചരണ പരിപാടി (14/23) |
|---|---|---|---|---|
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് (ഗ്രാമീണ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും സബ്സെന്ററുകളെയും ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളാക്കി മാറ്റൽ) | ഹെൽത്ത് ഗ്രാന്റ് (രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ജില്ലാ പഞ്ചായത്ത് വിഹിതം |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | A. 65,922/- (PRF 3155/24.12.22)<br>B. 42,195/- (PRF 5630/23.03.23)<br>ആകെ - 1,08,117/- | A. 1,03,305/- (PRF 4061/31.01.23)<br>B. 75,688/- (PRF 3908/25.01.23)<br>C. 46,560/- (PRF | A.2,03,732/- (PRF 1773/19.1022)<br>B.96,268/- (PRF 3308/30.12.22)<br>ആകെ - 3,00,000/- | A.1,05,370/- (PRF 1589/11.10.22)<br>B. 46,530/- (PRF 3157/24.12.22)<br>C. 48,100/- (PRF |

| | | | | |
|---|---|---|---|---|
| | | 4187/04.02.23)<br>ആകെ - 2,25,553 | | 2270/16.11.22)<br>ആകെ - 2,00,000 |
| വൗച്ചർ നം. തീയതി. | A. 22200937/07.02.23<br>B. 22201155/28.03.23 | A. 22201013/01.03.23<br>B. 22200986/16.02.23<br>C. 22200998/22.02.23 | A.42201209/07.11.22<br>B.42201145/13.02.23 | A. 42201327/04.11.22<br>B. 42201312/21.01.23<br>C. 42201275/13.02.23 |
| ലഭിച്ച മരുന്നു കളുടെ/ ഉപകരണ ങ്ങളുടെ മൂല്യം | 1,02,148 | 1,53,087 | 1,72,446 | 1,96,144 |
| ലഭിക്കാൻ അവശേഷിക്കുന്ന ഇനങ്ങളുടെ മൂല്യം | 5,969/- | 72,466 | 1,27,554 | 3,856 |

2. ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (178/23) എന്ന പ്രൊജക്ട് പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും റിവോൾവിംഗ് സ്റ്റൂൾ - 2 എണ്ണം, മേശ-2 എണ്ണം (പ്രൊഫോർമ ഇൻവോയ്സ് നം. 168/22-23/ 27/01/23) എന്നിവ വാങ്ങുന്നതിന് 28,834/- രൂപ (വൗ.നം.22200988/16.02.23) നൽകിയിരുന്നു. എന്നാൽ നാളിതുവരെ ₹ 17,976/- മൂല്യമുള്ള 2 മേശകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മുഴുവൻ മരുന്നുകൾ/ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം.നം.05/01.08.23)

## 1-26 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ യ്ക്ക് മുൻകൂർ തുക കൈമാറിയെങ്കിലും ഫയൽ പ്രകാരം മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകളും ഡിസ്പെൻസറിക്ക് സാമഗ്രികളും വാങ്ങൽ (പ്രൊ.നം.16/23) |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവഴിച്ച തുക | 2,40,000/- |
| വൗച്ചർനം./തീയതി | 42201231/26.09.22 |
| പ്രൊഫോർമ ഇൻവോയ്സ് നം | PF306/15.09.2022 |
| ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പരും | 1,04,600 (LF 320/20.06.2023) |
| ലഭിക്കാൻ ബാക്കിയുള്ള | 1,35,400 |

| | |
|---|---|
| മരുന്നുകളുടെ മൂല്യം | |

